# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3404 16.12.2015-ൽ മറുപടിയ്ക്ക്**

## മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്ടി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | എ)& ബി) | മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും, ഈ പദ്ധതികളിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | കോഴി വളർത്തുന്ന കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ; | | |
| സി) | കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും നൽകി, കുഞ്ഞുങ്ങൾ പൂർണ്ണ വളർച്ചയെത്തിയതിനുശേഷം തിരിച്ചെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | സി)& ഡി) | ഉണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായവും താഴെ ചേർക്കുന്നു.<br>**<u>ഇന്റഗ്രേഷൻ പദ്ധതി</u>**<br>സ്വന്തമായി സ്ഥലവും കുറഞ്ഞത് 2000 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഷെഡും, കോഴിവളർത്തലിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളുമുള്ള തൽപ്പരരായ കർഷകരെ ഉദ്ദേശിച്ചാണ് ഇന്റഗ്രേഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴി വളർത്തലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് നൽകുന്നു.<br><br>40-45 ദിവസം പ്രായമാകുമ്പോൾ ഇറച്ചിക്കോഴികളെ കോർപ്പറേഷൻ തിരിച്ചെടുത്ത് സ്വന്തം മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കെപ്കോ ചിക്കൻ |

തയ്യാറാക്കുന്നു. കർഷകർക്ക് കിലോഗ്രാമിന് 10/- രൂപ വരെ വളർത്തുകൂലിയായി ലഭിക്കുന്നു.

മുട്ടക്കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുത്ത് വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്നു. വളർത്ത് കൂലിയായി ഒരു മുട്ടക്കോഴിക്ക് 8 രൂപ വരെ കർഷകർക്ക് ലഭിക്കുന്നതാണ്.

ഡി) തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായം എത്രയാണെന്നറിയിക്കുമോ?

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1.കോഴിവളർത്തൽ പദ്ധതി(കുടുംബശ്രീ യൂണിറ്റുകൾ വഴി)

തിരഞ്ഞെടുക്കുന്ന 4 ജില്ലകളിലെ 20 കുടുംബശ്രീ ഗ്രൂപ്പിൽപ്പെട്ട, 1000 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ കോഴിത്തീറ്റയും, 30/- രൂപയുടെ മരുന്നും വിതരണം ചെയ്യുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 250/- രൂപ മാത്രം അടയ്ക്കേണ്ടതാണ്.

### 2.കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 660 വനിതാ ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും 5 കോഴി, 2 കിലോ തീറ്റ, 50/- രൂപയുടെ മരുന്നും നൽകുന്നു. ഗുണഭോക്തൃ വിഹിതമായി ഓരോ ഗുണഭോക്താവും 150/- രൂപ അടയ്ക്കേണ്ടതുണ്ട്.

### 3.കെപ്കോ ആശ്രയ പദ്ധതി

തിരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും ,10 കിലോ കോഴിത്തീറ്റയും, 50/- രൂപയുടെ മരുന്നും ലഭിക്കുന്നു.

### 4.റൂറൽ ബാക്ക്യാർഡ് പൗൾട്രി പദ്ധതി

കേരളത്തിലെ ഗ്രാമപ്രദേശത്തുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ഒരു ചെറിയ വരുമാന മാർഗ്ഗവും, കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും മുൻ നിറുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് റൂറൽ ബാക്ക്യാർഡ് പൗൾട്രി.

ഒരു പ്രദേശത്തെ തിരഞ്ഞെടുക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 500 ഗുണഭോക്താക്കൾക്കാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. അതിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 45 കോഴികൾ, മൂന്ന് ഘട്ടങ്ങളായി വിതരണം ചെയ്യുന്നതാണ്. ആദ്യ ഘട്ടത്തിൽ 20 ഉം, രണ്ടാം ഘട്ടത്തിൽ 15 ഉം, മൂന്നാം ഘട്ടത്തിൽ 10 എന്നീ മുറയ്ക്കാണ് കോഴികളുടെ വിതരണം നടത്തുന്നത്. ഓരോ ഗുണഭോക്താവും കോഴി ഒന്നിന് 35/- രൂപ എന്ന നിരക്കിൽ ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതാണ്.

### 5.കെപ്കോ നഗരപ്രിയ പദ്ധതി

നഗരപ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദനചിലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം, പച്ചക്കറികൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന നൂതന പദ്ധതിയാണിത്. നഗര പരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക്

എ.പി.എൽ, ബി.പി.എൽ മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും 5 കോഴിയും, ആധുനിക രീതിയിലുള്ള കൂട്, 5 കിലോ കോഴിത്തീറ്റയും മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്.

**6. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

സ്കൂൾ കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ യു പി. വിഭാഗത്തിലെ 6,7 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും, ഹൈസ്കൂൾ വിഭാഗത്തിലെ 8,9 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ കുട്ടിയ്ക്കും 5 കോഴിയും, 3 കിലോ തീറ്റയും മരുന്നും സൗജന്യമായി ലഭിക്കുന്നു.

**7. കോൾ നിലങ്ങളിലെ കോഴി വളർത്തൽ**

തൃശ്ശൂർ, പൊന്നാനി മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കോൾ നിലങ്ങളുടെ വികസനം മുൻനിറുത്തി നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 12 കോഴി, 10 കിലോ കോഴിത്തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ നൽകി വരുന്നു. ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായി 100/- രൂപ അടയ്ക്കേണ്ടതാണ്.

**8. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി**

പട്ടിജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ കെപ്കോ നടപ്പാക്കുന്ന പ്രത്യേക പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന രണ്ട് വിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1. 100 മുട്ടക്കോഴികളെ വളർത്താൻ പര്യാപ്തമായ കൂടും, ഷെഡ് നിർമ്മിക്കാൻ 14000/- രൂപയും 7000/- രൂപ വില വരുന്ന കോഴിത്തീറ്റയും 300 ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു.

2. ഡീപ്പ് ലിറ്റർ രീതി അനുസരിച്ച് കോഴി വളർത്തുന്നതിന് ആവശ്യമായ ഷെഡ് നിർമ്മിക്കുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനും വൈദ്യുതീകരണം,ജലസേചനം എന്നിവ സജ്ജമാക്കുന്നതിനും വേണ്ടി തിരിച്ചടയ്ക്കേണ്ട തില്ലാത്ത 6 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ 14 ഗുണഭോക്തൃ യൂണിറ്റുകൾക്ക് നൽകുന്നു.

സെക്ഷൻ ഓഫീസർ